പതിനാലാം കേരള നിയമസഭ

മൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4515 — 25.10.2016 ൽ മറുപടി നൽകേണ്ടിയിരുന്നത്

**ശബരിമലയിലേയ്ക്കുള്ള പരമ്പരാഗത കാനന പാത**

| ചോദ്യം | അന്തിമ മറുപടി |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും, ടൂറിസവും, ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ശബരിമലയിലേക്കുള്ള പരമ്പരാഗത കാനന പാതയിൽ തീർത്ഥാടകർക്കായി എന്തെല്ലാം സൗകര്യങ്ങളാണ് ദേവസ്വം ബോർഡ് സജ്ജമാക്കിയിട്ടുള്ളത്; | (എ) കാനന പാതയിൽ ടോയ് ലൈറ്റുകളും, ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടുകൂടി കാർഡിയോളജി സെന്റർ, എമർജൻസി മെഡിക്കൽ സെന്റർ, ഔഷധക്കൂട്ട് ഇട്ട് തിളപ്പിച്ച വെള്ളം നൽകുന്നതിനുള്ള സംവിധാനങ്ങളോടു കൂടിയ വാട്ടർ സ്കിയോസ്കുകൾ, ഭക്തർക്ക് ലഘു ഭക്ഷണം നൽകുന്നതിനുള്ള ഭക്ഷണശാലകൾ, വിശ്രമ സൗകര്യങ്ങളോടു കൂടിയ ക്യൂ കോംപ്ലക്സ് എന്നിവയാണ് സജ്ജമാക്കിയിട്ടുള്ളത്. |
| (ബി) പ്രസ്തുത പാതയിൽ എവിടെയെല്ലാം ഹൃദ്രോഗ പരിശോധന കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട് എന്നറിയിക്കാമോ; | (ബി) അപ്പാച്ചിമേട്ടിൽ കാർഡിയോളജി സെന്റർ പ്രവർത്തിച്ചു വരുന്നു. ചരൽമേട്ടിൽ പുതിയ കാർഡിയോളജി സെന്റർ ഉൾപ്പെടുന്ന പണിപൂർത്തിയായി. |
| (സി) പരമ്പരാഗത പാതയിൽ മതിയായ ശൗചാലയങ്ങൾ സജ്ജമാക്കാൻ ദേവസ്വം ബോർഡ് എന്തെല്ലാം നടപടികൾ സ്വീകരിക്കും; | (സി) ശബരിമല, പമ്പ കാനന പാതയിൽ ബയോ ടോയ് ലൈറ്റുകൾ, ബയോയൂറിനലുകൾ , കൂടാതെയുള്ള ടോയ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. എരുമേലി, പമ്പ കാനന പാതയിൽ ടി സൗകര്യങ്ങൾ വനം വകുപ്പ് ഒരുക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ